# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 930 28.4.2017ൽ മറുപടി നൽകേണ്ടത്.

## സ്പെഷ്യൽ സ്കൂളുകളുടെ പ്രവർത്തനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ബി.സത്യൻ<br>" മുരളി പെരുനെല്ലി<br>" വി.അബ്ദുറഹിമാൻ<br>" ആന്റണി ജോൺ | | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സ്പെഷ്യൽ സ്കൂളുകളുടെ പ്രവർത്തനം അവലോകനം ചെയ്യാറുണ്ടോയെന്ന് വിശദമാക്കുമോ ; | (എ) | സ്പെഷ്യൽ സ്കൂളുകളിൽ വർഷത്തിൽ ഒരു പ്രാവശ്യമെങ്കിലും ബന്ധപ്പെട്ട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ/ജില്ലാ വിദ്യാഭ്യാസ ഓഫീസർ/ വിദ്യാഭ്യാസ ഉപഡയറക്ടർ നേരിട്ട് സന്ദർശനം നടത്തി ഓരോ സ്കൂളിന്റെയും പ്രവർത്തനം പരിശോധിക്കാറുണ്ട്. കൂടാതെ പൊതുവിദ്യാഭ്യാസ ഡയറക്ടർ സംസ്ഥാനതല മോണിറ്ററിംഗും അവലോകനവും നടത്തി വരുന്നു. |
| (ബി) | ഇത്തരം സ്കൂളുകളിലെ കുട്ടികൾക്ക് ആവശ്യമായ പഠനോപകരണങ്ങൾ വികസിപ്പിക്കുന്നതിനും വിതരണം ചെയ്യുന്നതിനും പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ; | (ബി) | സ്പെഷ്യൽ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ആവശ്യമായ മെച്ചപ്പെട്ട പഠനോപകരണങ്ങൾ നല്കി വരുന്നുണ്ട്. മാനസികമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി പ്രത്യേക പാഠ്യപദ്ധതിയും, കൈപുസ്തകവും എ.സ്.സി.ഇ.ആർ.റ്റി തയ്യാറാക്കിയിട്ടുണ്ട്. |
| (സി) | സ്പെഷ്യൽ സ്കൂളുകളിലെ കുട്ടികളുടെ വിദ്യാഭ്യാസം ശാസ്ത്രീയമായി പുനഃസംഘടിപ്പിക്കുന്നതിനുള്ള പ്രത്യേക പദ്ധതി തയ്യാറാക്കുമോ ; | (സി) | പ്രൈമറി തലത്തിൽ പുതിയ പാഠ്യ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. അടുത്ത അദ്ധ്യായന വർഷം മുതൽ പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ സ്പെഷ്യൽ സ്കൂൾ അധ്യാപകർക്ക് ആവശ്യമായ പരിശീലന പരിപാടികൾ സംസ്ഥാനതലത്തിലും 14 ജില്ലകളിലും സംഘടിപ്പിക്കുവാൻ എ.സ്.സി.ഇ.ആർ.റ്റിയുടെ നേതൃത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി നടത്തുന്ന അദ്ധ്യാപക ശാക്തീകരണ ശില്പശാലയുടെ ആസൂത്രണ യോഗം എ.സ്.സി.ഇ.ആർ.റ്റിയിൽ 25.4.2017 ൽ |

| | | | |
|---|---|---|---|
| | | | നടന്നു. DPI,SECRT,SID,SSA,DIET,SIMC, സ്പെഷ്യൽ സ്കൂൾ, എം.ജി. യൂണിവേഴ്സിറ്റി എന്നിവയുടെ പ്രതിനിധികൾ പങ്കെടുത്തു. പുതിയ പാഠ്യപദ്ധതി അനുസരിച്ചുള്ള പാഠപുസ്തകങ്ങളും വർക്ക് ബുക്കും എ.സ്.സി.ഇ.ആർ.റ്റി തയ്യാറാക്കിയിട്ടുണ്ട്. |
| (ഡി) | ഈ രംഗത്ത് പ്രവർത്തിക്കുന്ന വിവിധ ഏജൻസികളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് കാര്യക്ഷമത ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി മെന്റലി ചലൻഞ്ച്ഡ് മലപ്പുറത്തും കാസർഗോഡും ഓരോ റീജിയണൽ സെന്റർ ആരംഭിക്കുന്നതിന് 04.10.2012 ലെ ജനറൽ കൗൺസിൽ യോഗം തീരുമാനിക്കുകയും ആയത് സർക്കാരിന്റെ പരിഗണനയിലുമാണ്. എസ്.ഐ.എം.സി ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരുടെ വിദ്യാഭ്യാസ മേഖലയുടെ ഉന്നത സ്ഥാപനമാക്കാൻ നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ